ഉത്തരം:

(എ) രണ്ടുലക്ഷത്തി അറുപത്തിനാലായിരം രൂപ.

(ബി) ഉവ്വ്.

(സി) 1964 ഡിസംബർ അവസാനത്തോടുകൂടി.

ഇൻറർ സ്റ്റേറ്റ് പാലങ്ങളും റോഡുകളും.

195. [7] ശ്രീ. പി. സി.ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേ വയനാട്ടിൽനിന്നു മൈസൂറിലേക്കും, കുടകിലേക്കും പോകുന്ന പ്രധാനപ്പെട്ട രണ്ടു പാലങ്ങളുടെ ഇന്നത്തെസ്ഥിതി എന്താണ് ;

(ബി) വളരെ വാഹനഗതാഗതമുള്ള പ്രസ്തുതപാലങ്ങൾ എന്നു പുതുക്കി പണിയും ; ഏതിൻറെയെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവോ ;

(സി) പ്രസ്തുത റോഡുകളുടെ ശോചനീയ നില മാറ്റാൻ എപ്പോൾ നടപടി എടുക്കും ?

ഉത്തരം.

(എ,ബി) ഇവയിൽ ബേഹ്ദർപാലം പുതുക്കിപ്പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു. ബാവാലിപാലം പുതുക്കിപ്പണിയുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഈ റോഡുകൾക്ക് അനുവദിച്ചിട്ടുള്ള മെയിൻറനൻസ് ഗ്രാൻറിനു പുറമെ സ്ഥിരമായി സംരക്ഷണ നടപടിയും നടത്തിവരുന്നുണ്ട്. പ്രത്യേകമായി വേണ്ടിവരുന്ന അറ്റകുറ്റപ്പണികളും നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

വയനാട് ഫോറസ്റ്റിൽനിന്നുള്ള വരവ്

196. [8] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഇനങ്ങളിലായി വടക്കെ വയനാട്ടിലെ റിസർവ് ഫോറസ്റ്റിൽനിന്നു കഴിഞ്ഞ രണ്ടു വർഷങ്ങളിലായി (1962-63) (1963-64) ഡിസംബർ അവസാനം വരെ കിട്ടിയ വരവ് എത്ര?

(ബി) ഇപ്രകാരം തെക്കേ വയനാട്ടിൽനിന്നു കിട്ടിയ വരവ് എത്ര ?

ഉത്തരം

1962—63-ലെ വരവ്

(എ)	തടി	7,51,376
	വനോല്പന്നം	2,566
	മുള	595
	മേച്ചിൽ	1261
	മറ്റു ചെറുകിടവിഭവങ്ങൾ	3826
	പലവക	16876
		7,76,500

LIBRARY ARCHIVES Kerala Legislative Assembly

1963-64-ലെ വരവ്

തടി	11,04,803
വന്യമൃഗം	829
മുള	540
മേച്ചിൽ	1,679
മറ്റു ചെറുകിട വിഭവങ്ങൾ	4,158
പലവക	8,609
ആകെ	11,20,618

(ബി)

1962-63-ലെ വരവ്

തടി	13,28,60
മറ്റ് ചെറുകിട വിഭവങ്ങൾ	21,833
അകപ്പയർചെയ്ത ഭൂമിയിൽ നിന്നുള്ള വരവ്	13
പലവക	40,505
ആകെ	13,98,022

1963-64-ലെ വരവ്

(ഡിസംബർ മുംപ്പെടെ)

തടി	9,72,726
വന്യമൃഗങ്ങൾ	796
മറ്റ് ചെറുകിട വിഭവങ്ങൾ	76,426
പലവക	28,595
അകപ്പയർചെയ്ത ഭൂമിയിൽ നിന്ന് വരവ്	240
ആകെ	10,78,753

വെള്ളാശേരി—കുത്താട്ടുകുളം റോഡ്

197. [9] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മൂവാറ്റുപുഴ ഡിവിഷനിൽ വൈക്കം സബ്ഡിവിഷനിലെ വെള്ളാശേരി—കുത്താട്ടുകുളം റോഡ് ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാണ്;

(ബി) ടി ജോലി ആരംഭിക്കാതിരിക്കാൻ കാരണം എന്ത്;

(സി) ടി ജോലിയുടെ നിർവ്വഹണത്തിന് ആവശ്യമുള്ള ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം;

(ഈ) ടി ജോലി എത്രയും വേഗം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

2/2102/V

LIBRARY ARCHIVES Kerala Legislative Assembly